# ആത്മാവിനാൽ നയിക്കപ്പെടുക

സാക് പുന്നൻ

WFTW 31 ജൂലൈ 2016

ഗലാത്യർ 5:1 ൽ പൗലൊസ് പറയുന്നത് ക്രിസ്തു വന്നത് നമ്മെ സ്വതന്ത്രരാക്കാൻ വേണ്ടിയാണ് എന്നാണ്. അതുകൊണ്ട് വീണ്ടും ന്യായ പ്രമാണത്തിൻറെ ബന്ധനത്തിലേയ്ക്ക് നമ്മെക്കൊണ്ടുവരുവാൻ നാം ആരേയും ഒരിക്കലും അനുവദിക്കരുത്. ഏതെങ്കിലും ഒരു കൂട്ടത്താലോ സഭയാലോ രൂപീകരിക്കപ്പെട്ട പാരമ്പര്യങ്ങൾക്കും നിയമങ്ങൾക്കും ഒരിക്കലും നാം അടിമകളാവരുത്. അതേ സമയം തന്നെ, നമ്മുടെ സ്വാതന്ത്ര്യത്തെ പാപം ചെയ്യുന്നതിന് ഒഴികഴിവായി ദുരുപയോഗം ചെയ്യരുത് ( ഗലാ5:13) അനേകം വിശ്വാസികൾ കൃപയേയും ക്രിസ്തീയ സ്വാതന്ത്ര്യത്തേയും തെറ്റിദ്ധരിച്ചിട്ട് ന്യായ പ്രമാണത്തിൻറെ കീഴിലായിരിന്നതിനേക്കാൾ മോശമായ രീതിയിൽ അവസാനിച്ചിട്ടുണ്ട് . അവർ തങ്ങളുടെ ജഡത്തിന് അടിമകളായി ജീവിക്കുന്നു. ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രമാകാനുള്ള ശരിയായ ഏക മാർഗ്ഗം, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുക എന്നതുമാത്രമാണ് അല്ലാത്തപക്ഷം നാം ന്യായ പ്രമാണത്തേക്കാൾ താഴ്ന്ന ഒരു തലത്തിൽ മുങ്ങിപോകുകയും നാം പാപത്തിൽ ജീവിക്കുകയും ചെയ്യും എന്നാൽ ആത്മാവിൻറെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് നടന്നാൽ നാം ജഡത്തിൻറെ തലത്തിലേയ്ക്ക് താഴുകയില്ല. അങ്ങനെയുള്ള വിശ്വാസികൾക്ക് മാത്രമേ ന്യായപ്രമാണത്തിൽ നിന്ന് സ്വതന്ത്രരായി എന്ന് അവകാശപ്പെടാൻ കഴിയൂ.(ഗല 5:16,18) അതുകൊണ്ട് ഒരു വിശ്വാസിക്ക് ജീവിക്കുവാൻ കഴിയുന്ന മൂന്ന് തലങ്ങൾ ഉണ്ട് 1). ആത്മാവിനാൽ നയിക്കപ്പെടുന്നത് ( ഏറ്റവും ഉന്നതമായ പുതിയ ഉടമ്പടിയുടെ തലം) അല്ലെങ്കിൽ 2). ന്യായപ്രമാണത്താൽ നയിക്കപ്പെടുന്നത്( പഴയഉടമ്പടിയുടെതലം); അല്ലെങ്കിൽ 3). ജഡത്താൽ നയിക്കപ്പെടുന്നത് (ഏറ്റവും നാഴ്ന്ന തലം).

ജീവിതത്തിൻറെ ഈ മൂന്ന് തലങ്ങളേയും ഒരു കെട്ടിടത്തിൻറെ മൂന്ന് നിലകളോട് താരതമ്യം ചെയ്ത് നോക്കുക. നിങ്ങൾ മൂന്നാമത്തെ നിലയിൽ ( ആത്മാവിനാൽ നയിക്കപ്പെട്ട്) ജീവിക്കാതെ , രണ്ടാം നില ( ന്യായ പ്രമാണത്താൽ നയിക്കപ്പെടുന്നത്) തകർത്തുകളയുകയാണെങ്കിൽ , നിങ്ങൾ ഒന്നാം നിലയിലേയ്ക്ക് ( ജഡത്താൽ നയിക്കപ്പെടുന്ന തലം )താഴിന്നിറങ്ങും ' യേശു ന്യായ പ്രമാണത്തെ നീക്കം ചെയ്തു കഴിഞ്ഞു ,അതുകൊണ്ട് ഞാൻ ന്യായപ്രമാണത്താലല്ല നയിക്കപ്പെടുന്നത്', എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, നിങ്ങൾ ആത്മാവിനാൽ നയിക്കപ്പെടുന്നതാണ് നല്ലത്.അല്ലാത്തപക്ഷം നിങ്ങൾ ജഡിക തലത്തിലേയ്ക്ക് താഴിന്നിറങ്ങും അസംഖ്യം വിശ്വാസികൾക്കും ഇതാണ് സംഭവിച്ചിരിക്കുന്നത്. നാം ന്യായപ്രമാണത്തിനധീതരല്ല എന്ന് ഗലാത്യർക്കെഴുതിയ ലേഖനത്തിൽ അവർ വായിച്ചിട്ടുണ്ട്. എന്നാൽ അവർ ആത്മാവിൻറെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ജീവിക്കുന്നില്ല അതിൻറെ ഫലമായി അവർ ജഡത്തെ അനുസരിച്ച് ജീവിക്കുന്നു.. അതുകൊണ്ടാണ് ന്യായപ്രമാണത്തിൻറെ കീഴിൽ ജീവിച്ചിരുന്ന ആളുകൾ ചെയ്തിരുന്നതിനേക്കാൾ മോശമായ കാര്യങ്ങൾ ഇന്നത്തെ ക്രിസ്തീയ നേതാക്കൾ ചെയ്യുന്നതായി നാം കാണുന്നത്. തങ്ങൾ കൃപയ്ക്ക് അധീനരാണെന്ന് പറയുന്ന വിശ്വാസികൾ എങ്ങനെയാണ് അവരുടെ ജഡികമോഹങ്ങൾക്കനുസരിച്ച് ജീവിക്കുന്നത്. ? കാരണം അവർ ന്യായ പ്രമാണത്തെ ദൂരെ എറിഞ്ഞുകളഞ്ഞിരിക്കുന്നു ' നിങ്ങൾ ആത്മാവിനാൽ നയിക്കപ്പെടുന്നെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലല്ല (ഗലാ5:18) ' അത് അങ്ങനെയാണെങ്കിൽ മാത്രം . അത്മാവിൽ നയിക്കപ്പെടാൻ ആഗ്രഹമില്ലാത്തവർക്ക് ന്യായപ്രമാണം അത്യാവശ്യമാണ്.

' ന്യായ പ്രമാണത്തെ ദൂരെ എറിയുക ' എന്നല്ല ഗലാത്യർക്കുള്ള ലേഖനത്തിലെ സന്ദേശം. അത് 'നിങ്ങൾ ആത്മാവിലുള്ള ഒരു ജീവിതത്തിലേയ്ക്ക് വന്നിട്ടുണ്ടെങ്കിൽ, അപ്പോൾ മാത്രം ന്യായ പ്രമാണം എറിഞ്ഞുകളയുക' എന്നാണ്. അനന്തരം പരിശുദ്ധാത്മാവ് ജഡത്തിലുള്ള ജീവിതം

എപ്രകാരമാണെന്ന് വിവരിക്കുന്നു. (ഗലാ5:921).അശുദ്ധി , വിഗ്രഹാരാധന( പണത്തേയും ആളുകളേയും ആരാധിക്കുന്നത്), പക, പിണക്കം, അസൂയ, മത്സരം, കോപം, ക്രോധം, ദ്വന്ദ്വപക്ഷം, ഭിന്നത മുതലായവ ഇത് അവിശ്വാസികളുടെ ഇടയിൽ മാത്രമാണോ കാണപ്പെടുന്നത്? അല്ല. 'വിശ്വാസികൾ' എന്ന് വിളിക്കപ്പെടുന്നവർ പോലും ഇത്തരം പാപങ്ങളിൽ അകപ്പെടുന്നു. എന്തുകൊണ്ട്? കാരണം പരിശുദ്ധാത്മാവിലുള്ള ഒരു ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് മുൻപ് അവർ ന്യായപ്രമാണം ഉപേക്ഷിച്ചുകളഞ്ഞു. അങ്ങനെയുള്ളവർ ദൈവരാജ്യം അവകാശമാക്കുകയില്ല. (ഗലാ5:21) മറിച്ച് ആത്മാവിനാൽ നയിക്കപ്പെടുന്നവർ അവരുടെ ജീവിതത്തിൽ ആത്മാവിൻറെ ഫലമായ 'സ്നേഹം , സന്തോഷം, സമാധാനം, ദീർഘ ക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത,ആത്മ നിയന്ത്രണം' ഇവ പുറപ്പെടുവിക്കും. നാം ആത്മാവിനാൽ ജീവിക്കുന്നു എങ്കിൽ, നാം ആത്മാവിനെ അനുസരിച്ച് നടക്കുകയും വേണം.